**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റ് ശ്രീ.റനീഷ്.സി.കെ യുടെ ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാത്ത ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

==============================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.3555/2016/തസ്വഭവ തിരുവനന്തപുരം, തീയതി,30/12/2016

==============================================================

പരാമർശം: 1) 14.6.1994 ലെ 36/94/ധന നമ്പർ സർക്കുലർ.

2) ശ്രീ.റനീഷ്.സി.കെ യുടെ 04.10.2014 ലെ ശൂന്യവേതനാവധിയപേക്ഷ.

3) പഞ്ചായത്ത് ഡയറക്ടറുടെ 04.06.2016, 29.11.2016 എന്നീ തീയതികളിലെ ഇ 13-29054/11 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ.റനീഷ്.സി.കെ യുടെ 19.07.2011 മുതൽ 24.01.2012 വരെയുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.റനീഷ്.സി.കെ 10.04.2002 ന് സേവനത്തിൽ പ്രവേശിച്ചു. ശ്രീ.റനീഷ്.സി.കെ മെഡിക്കൽ സർട്ടിഫിക്കറ്റും 24.01.2012 തീയതിയിലുള്ള ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റും സമർപ്പിക്കുകയുണ്ടായി. എന്നാൽ രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടമായതിനാൽ പരാമർശം (1) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിക്ക് അർഹതയില്ല.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റ് ശ്രീ.റനീഷ്.സി.കെ യുടെ 19.07.2011 മുതൽ 24.01.2012 വരെയുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, വേളം ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ.റനീഷ്.സി.കെ, അക്കൗണ്ടന്റ്, വേളം ഗ്രാമ പഞ്ചായത്ത് കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(121/ഇപിഎ I/2016/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ